**M1002**

## രണ്ടാം ടേം മൂല്യനിർണ്ണയം 2011 ഡിസംബർ

# മലയാളം-അടിസ്ഥാന പാഠാവലി

## ക്ലാസ് - X

സമയം : 1 1/2 മണിക്കൂർ
സ്കോർ :40

**പൊതുനിർദ്ദേശങ്ങൾ :** 15 മിനുറ്റ് കൂൾഓഫ് സമയം ഉണ്ടായിരിക്കുന്നതാണ്.
എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം
ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം

1

"പട്ടുസാരികളുടെ പളപളപ്പ്, അതെടുത്ത് ഒരു ചീനവലയെറിയുന്നപോലെ നമ്മുടെ മുന്നിലേക്കിടുന്ന സുന്ദരികളായ ചെറുപ്പക്കാരികളുടെ പ്രസരിപ്പ്".

- ചീനവലയെറിയുന്നപോലെ എന്ന പ്രയോഗത്തിന്റെ ഭംഗി ഒന്നോ, രണ്ടോ വാക്യത്തിൽ കുറിക്കുക.

*(സ്കോർ 2)*

2

"ഹൃദയമൊരുദ്യാനം. അവിടെ സ്നേഹത്തിന്റെ അല്ലെങ്കിൽ വെറുപ്പിന്റെ വിത്തിടാം. സ്നേഹത്തിന്റെ വിത്താണവിടെ വീണു പൂക്കുന്നതെങ്കിൽ അവിടെ ദയയുടെയും ശാന്തിയുടെയും പരിമളം പരക്കുന്നു".

"ഇത്തിരി സ്നേഹമാണല്ലോ
മനുഷ്യന്നു മഹാധനം"

- തന്നിരിക്കുന്ന രചനാഭാഗങ്ങളെ താരതമ്യം ചെയ്തു സ്നേഹമാഹാത്മ്യത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

*(സ്കോർ 4)*

3

ഉപഭോഗ സംസ്കാരത്തിന് അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക മനുഷ്യന്റെ പ്രതീകമാണ് എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ എന്ന കഥയിലെ രമണി. കഥ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയാറാക്കുക.

*(സ്കോർ 4)*

4

**ആശയം:** *വിവിധ സംസ്കാരങ്ങളുടെ സങ്കലനമായ മലയാളഭാഷയുടെ തനിമ നിലനിർത്തേണ്ടതുണ്ട്.*

"ആദിമകാവ്യവും പഞ്ചമവേദവും
നീതിപ്പൊരുളുമുപനിഷത്തും
പാടി സ്വകീയരെ കേൾപ്പിച്ച കൈരളി
പാടവഹീനയെന്നാർ പറയും?"

- കേരളഭാഷ "പാടവഹീന"യല്ലെന്ന് 'എന്റെ ഭാഷ'യിൽ വള്ളത്തോൾ സമർഥിക്കുന്നു. സമകാലിക സാഹചര്യത്തിൽ ഇത്തരമൊരു പ്രതികരണത്തിന്റെ പ്രസക്തി എന്താണ്? സ്വാഭിപ്രായം കുറിക്കുക.

*സമയം- 8 മിനിട്ട് (സ്കോർ 4)*

5

തപോനിഷ്ഠമായ ജീവിതവും പരുക്കൻ പെരുമാറ്റവും കൈമുതലായ പിതാവിൽ നിന്ന് ഇടിത്തീപോലുള്ള ഷോക്കുകൾ പൊട്ടിപ്പുറപ്പെടുന്നതും പ്രതീക്ഷിച്ച് ഉമിത്തീയിലെന്നപോലെ നീറി നിൽക്കുമ്പോഴാണ് പുതുജീവൻ നൽകുന്ന അമൃതവർഷമായി, അച്ഛന്റെ ഗീതാവാക്യം കേൾക്കുന്നത്.

- അടിവരയിട്ട പ്രയോഗങ്ങൾ സന്ദർഭത്തിനു നൽകുന്ന അർഥസാധ്യതകൾ കണ്ടെത്തി എഴുതുക. *(സ്കോർ 4)*

6

ഉമ്മയുടെ ഒടുങ്ങാത്ത ദുഃഖത്തിന്റെ പ്രതീകമായി 'തോരാമഴ'യെ സങ്കല്പിക്കുന്നതിന്റെ ഔചിത്യം വിശദീകരിച്ച് കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

7

"നോക്കൂ, അവളെ എന്തെങ്കിലും കൊടുത്ത്
പറഞ്ഞയക്കൂ.... പിന്നെ ശല്ല്യാവും". രമണി പറഞ്ഞു.

"അവൾക്കാരൂംല്ല്യാ". അയാൾ പറഞ്ഞു
"അതിന് നമ്മളെന്താ ചെയ്യ്യാ?".

- നമ്മുടെ സമൂഹത്തിൽ നിന്ന് സ്നേഹകാരുണ്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്ന് സൂചനയാണോ രമണിയുടെ പ്രതികരണങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്? നിങ്ങളുടെ നിരീക്ഷണം സമർഥിക്കുക. *(സ്കോർ 4)*

8

"വ്യക്തിദുഃഖങ്ങളേക്കാൾ, കവി പ്രധാനമായി കരുതുന്നത് സമൂഹത്തിന്റെ ദുഃഖമാണ്".

- കൊച്ചുദുഃഖങ്ങളുറങ്ങൂ എന്ന കവിതയെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയെ വിലയിരുത്തുക. *(സ്കോർ 4)*

9

**വിലയിരുത്തൽ കുറിപ്പ് തയാറാക്കുക.**

'മാതൃദുഃഖത്തിന്റെ അഗാധത ലളിതമായും ഹൃദയദ്രവീകരണ ശക്തിയോടെയും ആവിഷ്കരിച്ചിരിക്കുന്ന കവിതയാണ് തോരാമഴ'.

- ഈ അഭിപ്രായത്തെ വിലയിരുത്തി കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

10

നാവേറും കണ്ണേറുമേൽക്കാതെയീമല-
നാടിനെപ്പോറ്റുന്ന ഗാനം
നാഗഫണം വിതർത്താടിയ പുള്ളുവ-
വീണയിന്നെന്തേ മയങ്ങീ.

- നഷ്ടപ്പെടുന്ന നാടോടി സംസ്കൃതിയെക്കുറിച്ച് കവിക്കുള്ള ദുഃഖം 'കൊച്ചുദുഃഖങ്ങളുറങ്ങൂ' എന്ന കവിതയിൽ പ്രകടമാണോ? കവിത പരിശോധിച്ചു വിശദമാക്കുക.

*(സ്കോർ 6)*